EZHUVA GRADUATES—TALUK-WAR LIST OF APPLICATIONS FOR APFOINTMENT

251. മിസ്റ്റർ കെ. എസ്സ്. പണിക്കർ: താഴെപറയുന്ന ചോദ്യങ്ങൾക്കു ഗവൺമെൻറ് ഭയവായി മറുപടി പറയുമോ.—

(എ) സ്റ്റാഫ് സിലക്ഷൻ ബോർഡ് രൂപീകരണത്തിനുശേഷം ബോർഡിൽ അപേക്ഷ അയച്ചിട്ടുള്ള ഈഴവ ഗ്രാഡുവെറുകളുടെ (സംസ്കൃതകോളേജ് ബിരുദങ്ങളിൽ ബി. എ. യിൽ താഴെയല്ലാത്ത പരീക്ഷായോഗ്യതകളുള്ളവരുടെ) ഒരു താലൂക്കു വാർ സ്റ്റേറ്റുമെൻറ് ഓരോ കൌൺസിലറുടേയും മേശപ്പുറത്തു വെക്കാമോ;

(ബി) അവരിൽ എത്രപേർക്കു ജോലി കൊടുത്തിട്ടുണ്ടെന്നും ജോലി കിട്ടിയവർ ഏതേതു താലൂക്കുകളിലുള്ളവരാണെന്നും പറയാമോ?

മിസ്റ്റർ കെ. പി. കണ്ണൻ നായർ: എ-ം, ബി-ം വിവരം കാണിക്കുന്ന ഒരു പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു. (III-ാം അനുബന്ധം നോക്കുക).

മിസ്റ്റർ കെ. എസ്സ്. പണിക്കർ: തലപ്പള്ളിതാലൂക്കിൽ നിന്നു ഒരീഴവനേ പട്ടികയിൽ കാണുന്നുള്ളൂ. എന്നാൽ തലപ്പള്ളിതാലൂക്കിൽ നിന്നു രണ്ടു ഈഴവ ഗ്രാഡ്വെറുകൾ ബോർഡിലേക്കു അപേക്ഷ അയച്ചിട്ടുണ്ട്. അതിൽ ഒരാൾ സി. വി. മാധവൻ എന്ന മാത്തമാറ്റിക്സ് ഗ്രാഡുവേറാണ്. ഈയാളുടെ അപേക്ഷയാണോ ഇതിൽ കാണിച്ചിട്ടുള്ളതു?

മിസ്റ്റർ കെ. പി. കണ്ണൻനായർ: അതെനിക്കറിഞ്ഞുകൂടാ. ഒരാൾ അപേക്ഷ അയച്ചതായി അറിയാം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഈ ഗ്രാഡുവേറുകളിൽ അനന്തകൃഷ്ണൻ എന്നൊരാളെ ഓപ്പായിൻറ് ചെയ്തിട്ടുണ്ട്. പട്ടികയിൽ ഒരാളുടെ അപേക്ഷയേ കാണുന്നുള്ളൂ. മാധവൻ എന്നൊരാളുടെ അപേക്ഷ ഇവിടെ ഉള്ളതായി കാണുന്നില്ല.

മിസ്റ്റർ കെ. പി. കണ്ണൻ നായർ: അപേക്ഷ അയച്ചിട്ടില്ലായിരിക്കാം; അല്ലെങ്കിൽ Incomplete ആയിരിക്കാം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അപേക്ഷ അയച്ചിട്ടുണ്ട്. ഫൻസ്റ്റ-ൽ ആണ് അപേക്ഷ അയച്ചിട്ടുള്ളതു. ആ അപേക്ഷ അവിടെ നോക്കിയാൽ കാണാതിരിക്കുകയില്ല. ആ അപേക്ഷയെപ്പറ്റി ഗവൺമെണ്ടു ഭയവായി ആലോചിക്കാമോ?

മിസ്റ്റർ എ. ബി. സേലം: ഈ അപേക്ഷയുടെ പകർപ്പു മെമ്പർക്കു കിട്ടിയിട്ടുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അപ്ലിക്കേഷൻ അയച്ചിട്ടുള്ളതിൻെറ രസീതിവേണമെങ്കിൽ ഹാജരാക്കാം.

LIBRARY ARCHIVES Kerala Legislative Assembly

APPENDIX III

(Please see answer to question No. 251)

താലൂക്ക്	ആപേക്ഷ ആയച്ചു ട്ടുള്ള ഇഴവ ഗ്രാഡു വെറുമാരുടെ താലൂക്ക്-വാർ നമ്പർ	ജോലി കിട്ടിയിട്ടുള്ള ഇഴവ ഗ്രാഡുവെറുമാരുടെ താലൂക്ക്-വാർ നമ്പർ	
		പകരം	സ്ഥിരം
കൊച്ചികണയന്നൂർ	ന ൈ	൧ ൦	൪
തൃശ്ശിവപേരൂർ	൧ ൫	൫	ന
മുകുന്ദപുരം	൪	൧	...
തലപ്പിള്ളി	൧	൧	...
ചിറ്റൂർ	....	....	....
കൊടുങ്ങല്ലൂർ	൧	൧	....

LIBRARY ARCHIVES Kerala Legislative Assembly